പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1420 16-10-2026-ൽ മറുപടിയ്ക്ക്

വെയർഹൗസിങ് കോർപ്പറേഷനിലെ എം.ഡി നിയമനം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. കെ. യു. ജനീഷ് കുമാർ

ശ്രീ. സി. കെ. ഹരീന്ദ്രൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. ടി. സിദ്ദീഖ്

(കൃഷി വകുപ്പ് മന്ത്രി)

(എ) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ എം.ഡിമാരെ നിയമിക്കുമ്പോൾ, ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളിൽ പ്രാവീണ്യവും യോഗ്യതയുമുള്ളവരെ നിയമിക്കണമെന്ന് നിയമസഭാ സമിതിയുടെ നിർദ്ദേശം നിലവിലുണ്ടോ;

മറുപടി: നിയമസഭാ സമിതിയുടെ നിർദ്ദേശം നിലവിലുണ്ട്.

(ബി) വെയർഹൗസിങ് കോർപ്പറേഷൻ എം.ഡി. സ്ഥാനത്തേക്ക് യോഗ്യതയുള്ളവരെ മാത്രമേ നിയമിക്കാവൂ എന്ന ഹൈക്കോടതി നിർദേശത്തെത്തുടർന്ന്, മുൻപ് ആ പദവിയിലിരുന്ന വ്യക്തിക്ക് സ്ഥാനം നഷ്ടമായ സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം വ്യക്തമാക്കാമോ;

മറുപടി: ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വെയർഹൗസിങ് കോർപ്പറേഷൻസ് ആക്ട്, 1962 ലെ വ്യവസ്ഥകൾ പാലിച്ച് യോഗ്യതയുള്ളവരെ മെറിറ്റിന്റെ അടിസ്ഥാനത്തിൽ നിയമിക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തെത്തുടർന്ന്, മുൻപ് താൽക്കാലിക എം.ഡിയായിരുന്ന ശ്രീ . അനിൽ എസ്. ദാസിന്റെ നിയമനം റദ്ദാക്കപ്പെട്ടിട്ടുണ്ട്.

(സി) നിയമസഭാ സമിതിയുടെ ശിപാർശയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശവും മറികടന്ന് നിലവിൽ വെയർഹൗസിങ് കോർപ്പറേഷനിൽ പിൻവാതിൽ നിയമനം നടന്നതായി ആരോപിക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കാമോ;

മറുപടി: നിയമസഭാ സമിതിയുടെ ശിപാർശയും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദേശവും കൂടി കണക്കിലെടുത്താണ്, 20.06.2025-ലെ സ.ഉ(സാധാ) നം. 613/2025/കൃഷി ഉത്തരവ് പ്രകാരം കേരള സംസ്ഥാന വെയർഹൗസിംഗ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ തസ്തികയിലേക്ക് നിയമനം നടത്തുന്നതിനായി കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിനെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ടി ഉത്തരവ് പ്രകാരം നടപടി സ്വീകരിച്ച് അടിയന്തരമായി സെലക്ട് ലിസ്റ്റ് ലഭ്യമാക്കേണ്ടതാണെന്ന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് സെക്രട്ടറിയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് മുഖേനയുള്ള നിയമനം പൂർത്തിയാകുന്നതുവരെയോ ഒരു വർഷ കാലയളവിലേക്കോ ഏതാണോ ആദ്യം അതുവരെ മാത്രമാണ് നിലവിൽ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ മാനേജിങ് ഡയറക്ടർ തസ്തികയിൽ നിയമനം നടത്തിയിട്ടുള്ളത്.

(ഡി) കോടതി നിർദേശങ്ങളും നിയമസഭാ സമിതി ശിപാർശകളും കർശനമായി പാലിച്ചുകൊണ്ട് മാത്രം പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് നിയമനങ്ങൾ നടത്താൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കാമോ?

മറുപടി: മുൻ ഖണ്ഡികയിലെ ഉത്തരം

സെക്ഷൻ ഓഫീസർ